ജന്മഭൂമി

07 November 2025

# ധ്രുവപ്രദേശങ്ങളിൽ നാലുമടങ്ങ് വേഗത്തിൽ ചൂട് കൂടുന്നതായി മുന്നറിയിപ്പ്

**കൊച്ചി:** ധ്രുവപ്രദേശങ്ങൾ ആഗോള ശരാശരിയേക്കാൾ അഞ്ചിരട്ടി വേഗത്തിൽ ചൂടുപിടിക്കുകയാണെന്ന് മലയാള ശാസ്ത്രജ്ഞർ സിംപോസിയത്തിൽ മുന്നറിയിപ്പ് നൽകി. ഇത് സമുദ്ര ആവാസവ്യവസ്ഥയിൽ വിവിധ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. കടലിലെ മഞ്ഞുമുകൾ ധ്രുവമേഖലയിലെ മാത്രം കാര്യമല്ലെന്നും ആഗോള പ്രഭാവമാണെന്നും നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷൻ റിസർച്ച് ഡയറക്ടർ ഡോ. തമ്പാൻ മേലോത്ത് പറഞ്ഞു. ധ്രുവ മഞ്ഞുപാളികൾ ഇല്ലാതാകുന്നത് സമുദ്രജലനിരപ്പ് ഉയരുന്നതിന് കാരണമാകും. ഇത് ഉഷ്ണമേഖലാ തീരങ്ങളെ നേരിട്ട് ബാധിക്കുകയും അറബിക്കടലിലെ ചുഴലിക്കാറ്റ് തുടർച്ചയുണ്ടാകാൻ ശക്തിപ്പെടുത്തുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഡോ. ശൂരദീപ് ഘോഷ്, ഡോ. വി.വി. സുധീഷ്, ഡോ. പി. ജയശങ്കർ, ഡോ മേഖ ഒഒ. നായർ സംസാരിച്ചു.

സിഎംഎഫ്ആർഐയിൽ സമാപിച്ച ത്രിദിന സിംപോസിയം രാജ്യത്തിലെ ഒമ്പതു ഇക്കോണമി തെക്കിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ മുന്നോട്ടു വെച്ചു. സമുദ്ര സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗം ഉറപ്പാക്കുന്നതിന് ആവാസവ്യവസ്ഥ അധിഷ്ഠിത മാനേജ്മെന്റ് തിരിമാർക്ക് പ്രാധാന്യം നൽകണമെന്നും ആഗോള ഫെറൈൻ സിംപോസിയത്തിൽ അഭിപ്രായമുയർന്നു. വനിതാ ശാക്തീകരണം, യൂത്ത്പ്രൈഡ് ഗ്രാമസഹായം, കടൽ മത്സ്യക്കൃഷി വികസനത്തിന് നയരൂപീകരണവും പൊതു-സ്വകാര്യ പങ്കാളിത്തവും, കാലാവസ്ഥാവ്യതിയാന പ്രതിരോധ നടപടി




സിഎംഎഫ്ആർഐയിൽ നടന്ന ആഗോള മറൈൻ സിംപോസിയം മികോസ് 4 സമാപന സമ്മേളനം കുഫോസ് വിസി ഡോ. എ. വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

കൾ, കോൾഡ് ചെയിൻ സംവിധാനം ശക്തിപ്പെടുത്തൽ, നിർമിതബുദ്ധി ഉൾപ്പടെയുള്ള സാങ്കേതികവിദ്യകളുടെ പ്രയോഗം തുടങ്ങിയവ പ്രധാന നിർദേശങ്ങളാണ്. സമാപന സമ്മേളനം കുഫോസ് വൈസ് ചാൻസലർ ഡോ. എ. വിജയകുമാർ ഉദ്ഘാടനം ചെയ്തു.

തീരദേശ സമൂഹത്തിന്റെ ഉന്നമനത്തിനും തെക്കേഏഷ്യയുടെ സുസ്ഥിര വികസനത്തിനും മേഖലയിലെ വിവിധ ഏജൻസികൾ തമ്മിൽ പരസ്പര സഹകരണം വേണമെന്ന് അദ്ദേഹം പറഞ്ഞു. സിംപോസിയത്തിൽ നടന്ന ചർച്ചകളുടെ ഫലമായി മുന്നോട്ടുവച്ച ശുപാർശകൾ രാജ്യത്തിന്റെ ഒമ്പ ഇക്കോണമിയെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പ